**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.783 — 09.11.2016-ൽ മറുപടിക്ക്

**മുദ്രപ്പത്രനിരക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എൽദോ എബ്രഹാം**<br>**ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ.കെ. രാജൻ** | **ശ്രീ.തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| എ) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ മുദ്രപ്പത്രനിരക്ക് കുറയ്ക്കുന്നതിന് ആലോചിക്കുന്നുണ്ടോ? | എ) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നീ അധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഫിനാൻസ് ബില്ലിലൂടെ വരുത്തിയ വർദ്ധനവ് പിൻവലിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി എന്നീ ആധാരങ്ങൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് മൂന്ന് ശതമാനത്തിൽ നിന്നും ഒരു ശതമാനമായും, ദാനം, ധനനിശ്ചയം എന്നിവയുടെ നിരക്ക് മൂന്ന് ശതമാനത്തിൽ നിന്നും രണ്ട് ശതമാനമായും കുറവ് വരുത്തിക്കൊണ്ടാണ് ഫിനാൻസ് ബിൽ 07.11.2016 ൽ നിയമസഭ പാസ്സാക്കിയിട്ടുള്ളത്. അതോടൊപ്പം മേൽപ്പറഞ്ഞ നാല് ആധാരങ്ങൾക്കും പരമാവധി 1000/- രൂപ എന്ന പരിധിയും പുനഃസ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പരമാവധി 1000/- രൂപ എന്ന പരിധി 5 ഏക്കറിൽ കൂടുതലുള്ള കൈമാറ്റങ്ങൾക്ക് ബാധകമല്ല. |
| ബി) മുദ്രപ്പത്രനിരക്കിലെ കുറവ് നിശ്ചിതപരിധിക്ക് താഴെയുള്ള ഇടപാടുകാർക്ക് മാത്രമായി പരിമിതപ്പെടുത്തുമോ; എങ്കിൽ പരിധി എത്രയാണെന്ന് അറിയിക്കാമോ? | ബി) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ഒഴിമുറി, ദാനം, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ പരമാവധി സ്റ്റാമ്പ് ഡ്യൂട്ടി 1000/- രൂപ എന്ന പരിധി 5 ഏക്കറിൽ താഴെയുള്ള കൈമാറ്റങ്ങൾക്കുമാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. |
| സി) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രത്തിന്റെ മുദ്രപ്പത്രനിരക്ക് ഉയർത്തിയ കാലയളവിൽ, കാര്യമായ പുരോഗതി പ്രസ്തുത ഇനത്തിലെ വരുമാനത്തിൽ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ? | സി) ഭാഗപത്രത്തിന്റെ മുദ്രപ്പത്രനിരക്ക് ഉയർത്തിയ കാലയളവിൽ ആധാരങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായെങ്കിലും വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**